തിരഞ്ഞെടുത്ത രാജകീയവിളംബരങ്ങൾ

67
ഗവ.മെൻ
സെക്സ്

സംസ്ഥാന പുരാരേഖാവകുപ്പ്
കേരളസർക്കാർ
2005

Re:—Europeans who are not British Subjects to produce a passport, on arrival at Alleppey, showing the object of their visit to Travancore.

ശ്രീപാർവ്വതീഭായി മഹാറാണി തിരുമനസ്സുകൊണ്ട്.

M. E. 1004.
A. D. 1829.

നമ്പർ -134.

പത്മനാഭസ്വാമിനീ വഞ്ചിധമ്മവർദ്ധനീ
രാജരാജേശ്വരീ റാണി പാർവ്വതീഭായി
മഹാരാജാവു അവർകൾക്കും സകലമാന
ജനങ്ങൾക്കും പ്രസിദ്ധപ്പെ
ടുത്തുന്ന വിളംബരം.

എന്തെന്നാൽ—കൽക്കുളം ഇരണിയൽ വിളവംകൊട്—നമണ്ട പത്തും വാതുക്കൽ ചെന്ന പ്രദേശങ്ങളിൽ പാർക്കുന്ന ചാന്നാട്ടികൾ ഉത്തരവിനും കീഴ്മര്യാദക്കും വിരോധമായിട്ടു മെലിൽ ഗീല ഇട്ടകയും മറെറല്ലാക്കുടിയാന്മാക്കും ഒപ്പം ചാന്നാന്മാർ ചെയ്യാനൊള്ള ഉഴിയ വെലകായ്യും കൊടുക്കാതെ നിരസിക്കയും ചെയ്തിരിക്കുന്ന മറുമുവാൽ ചാന്നാന്മാക്കും നായന്മാരുംപ്പട്ട അതുകൾക്കും തമ്മിൽ കലശലിനു ഇട ഒണ്ടാക്കൊണ്ടു അ സംഗതി പ്രമാണിച്ചു പ്രസിദ്ധപ്പെടുത്തുന്നതു എന്തെന്നാൽ—

ക-മത. ചാന്നാട്ടികൾ മെലിൽശീല ഇട്ടുന്നതിനു യാതൊരു ന്യായവും ഇല്ലാത്തതിനാൽ ആയ്ത നിത്തിയിരിക്കുകൊണ്ടു മെലൊള്ളതിനു അവര മെലിൽശീല ഇട്ടു എന്നവരികയും അരുത. ചാന്നാന്മാരിൽ കിരസ്തമാർത്തിൽ ചെന്നിരിക്കുന്നവരിടെ വകയിൽ ഒള്ള ചാന്നാട്ടികൾ മെലിൽശീല ഇട്ടുകൂടാ എന്നും അതിനുപകരം കുപ്പായം ഇട്ടു നടന്നുകൊള്ളാമെന്നും ൻവ്വൻ-മാണ്ടു ഇടവമാസം ൧-നു- എല്ലാ ദിക്കിലെക്കും ഉത്തരവുകൾ കൊടുത്തയച്ചിരിക്കുംപോൾ അതിനുമണ്ണം അല്ലാതെ ചാന്നാട്ടികൾ മെലിൽശീല ഇട്ടുകൊള്ളാമെന്നു പിന്നത്തതിൽ വിത്യാസമായിട്ടു കൊട്ടിൽ ഒരു തീർപ്പു ഒണ്ടാക്കിയിരിക്കുന്നതുംരം വകക്കു ഒരു ആധാരം ആകുന്നു എന്നു ആയാളുകൾ പറയുന്നതിനു അതിനുമണ്ണം. ആയാൽ ൻവ്വൻ മാണ്ടു കൊടുത്തയച്ചിരിക്കുന്ന മെൽപറഞ്ഞ ഉത്തരവിനു വിരൊധമായിട്ടു തീരുന്നതാകയാൽ ആ തീർപ്പു സാധു അല്ലാഴികകൊണ്ടും ഇക്കാര്യത്തിനു മെൽ എഴുതിയ ഉത്തരവുതന്നെ ചട്ടംപൊലെ പ്രമാണമായിട്ടു നിശ്ചയിച്ചതു തിരിച്ചും പരസ്യം ചെയ്യുന്നത.

ഖ മത. ചാന്നാന്മാരും ആ ജാതിയിൽനിന്നും കിരസ്തമാർത്തിൽ ചെന്നിരിക്കുന്നവരും മറു എല്ലാ കുടിയാനവന്മാർക്കുപ്പും ഉഴിയവെല കാര്യങ്ങൾ ശരിയായിട്ടു ചെയ്തുകൊള്ളുകയും വെണം. എന്നാൽ ഏതുവകയിൽ ഉൾപ്പെട്ട കിരസ്തവരായിരുന്നാലും ആയാളുകളെ ഞായറാഴ്ചനാളിൽ വെലകാര്യങ്ങൾക്കു വിളിക്കാതയും ദെവസ്വം തിങ്കൾവക വെലകാര്യങ്ങൾ അവരെക്കൊണ്ടു ചെയ്യിക്കാതയും ഇരിക്കത്തക്കവണ്ണം നാം ഉത്തരവുകൊടുത്തിരിക്കുന്നു.

ഗ-മത. നമ്മുടെ രാജ്യത്തുള്ള പ്രജകൾക്കു അവരവരിടെ സന്തൊഷപ്രകാരം ഏതു മതത്തിൽ ചെരെണമെന്നു ആഗ്രഹം ഉണ്ടൊ ആ മതത്തിൽ ചെരുന്നതിനു തടവില്ലാതെ നാം വിട്ടിരിക്കുന്നു എങ്കിലും ഏതുവകയിൽ ചെന്ന കിരസ്തവരാകട്ടെ മറുള്ള ആളുകൾ ആകട്ടെ വച്ചിപ്പും ഒള്ള ജാതിക്കാരൊടു കീഴ്മര്യാദപ്രകാരം ഒള്ള മുറകൾക്കു വിരൊധമായിട്ടു നടക്കുന്നതിനു നാം സമ്മതിക്കുന്നതും അല്ല. മര്യാദക്കാരായിട്ടുള്ള കുടിയാന്മാര ഏതുജാതിയിൽ ഒള്ളവരായാലും മതത്തിന്റെ കാര്യത്തിനായിട്ടു ഒരു കലംപൽ ഒണ്ടാക്കുകയില്ലന്നു നാം നിശ്ചയിച്ചിരിക്കുന്നു.

രിക്കണം. അല്ലാതെയും കിരസ്തമാക്കുമെന്നവച്ചാൽ താണമയും മെച്ചാവിൽ ഇരിക്കുന്നവരിടെ കീഴിൽ പതിഞ്ഞു നടക്കുണ്ടുന്നതും മനസ്സിൽ ഉറപ്പിക്കുന്ന മതമാകയാൽ ആ മതത്തിൽ നെരായിട്ട ചെന്നിട്ടുള്ളവര അവരിടെ മുറകൊക്കെ വിരോധംചെയ്യാതെ മര്യാദക്കാരരായിട്ട ഒള്ള കുടിയാനവന്മാക്കു പ്പും നടക്കയും ചെയ്യും.

൪-മത. നമ്മുടെ രാജ്യത്തുള്ള പ്രജകൊം അവരവരിടെ മതമര്യാദ അനുസരിച്ച യാതൊരു വിത്യാസംക്രൂടാതെ നടക്കുന്നതിനും ആയതിന്റെ മുറകൊം ന്യായപ്രകാരം ആയാളുകൊം ശരിയായിട്ട നടത്തുന്നതിനും വെണ്ടുന്ന അനുകൂലങ്ങളും ചെയ്തുകൊടുക്കുന്നതിനു നമുക്കു മനസ്സാകുന്നു എങ്കിലും ഏതു മതത്തിൽ ചെന്നവരാകട്ടെ ഏതുജാതിയിൽ ചെന്നവരാകട്ടെ അവരവർക്കു ബൊധിച്ചതിനുണ്ണും ക്ഷെത്രങ്ങളും കിരസ്തമാക്കുത്തിൽ ചെന്ന പള്ളികളും പള്ളിക്കുടങ്ങളും തുലുക്കമാർക്കുത്തിൽ ചെന്ന പള്ളികളും മറും ഇതിനുണ്ണും കർമ്മംകഴിക്കുന്ന സ്ഥലങ്ങളും മുറപ്രകാരം പണ്ടാരവക ഉത്തരവുക്രൂടാതെ യാതൊരുത്തരും ഒണ്ടാക്കുകയും അരുത. അതുവക സ്ഥലങ്ങളും ഒണ്ടാക്കുന്നതിനു അവിശ്യം ഒണ്ടായിരുന്നാൽ പണ്ടാരവക ഉദ്യൊഗസ്ഥന്മാര മുഖാന്തിരം മുറപ്രകാരം ബൊധിപ്പിച്ചാൽ ആ സംഗതികളും നല്ലവണ്ണം വിചാരിച്ചുനൊക്കി മറുള്ള ജാതിക്കാരക്കു ഒരു അസഖ്യത്തിനും ഇടയില്ലാതെ ഇരിക്കുന്ന സ്ഥലമായിട്ട നിശ്ചയിച്ച കൊടുക്കുകയുംചെയ്യും.

൫-മത കുറഞ്ഞൊരുനാളെക്കു ഇപ്പുറം ഏതാനും ചാന്നാന്മാരും ആ ജാതിക്കാരിൽ കിരസ്തമാക്കുത്തിൽ ചെന്നവരും പണ്ടാരവക ഉദ്യൊഗസ്ഥന്മാരിടെ കീഴിൽ ഉൾപ്പെടാതെ മുറതെറ്റമായിട്ട വെറിട്ട ചില സ്ഥലങ്ങളിൽ ചെന്ന അവരിടെ സങ്കടങ്ങളും പറഞ്ഞുവരുന്നപ്രകാരം കാണുകകൊണ്ടു അതിനാൽ പരസ്യംചെയ്യുന്നത എന്തെന്നാൽ—ഒരൊ രാജ്യത്തു നാം ആക്കിവിരിക്കുന്ന ഉദ്യൊഗസ്ഥന്മാരല്ലാതെ വെറിട്ട ഒരു അധികാരസ്ഥലം ഇല്ലാഴികകൊണ്ടു ഏതു ജാതിയിൽ ചെന്നവരാകട്ടെ ഏതു മതത്തിൽ ചെന്നവരാകട്ടെ ആക്കെങ്കിലും നെരായിട്ടുള്ള സങ്കടങ്ങളും അവലാധികളും ഒണ്ടായിരുന്നാൽ അക്കാര്യങ്ങളും ഒക്കെയും പണ്ടാരവക ഉദ്യൊഗസ്ഥന്മാരിടെ അടുക്കൽചെന്ന പറഞ്ഞുകൊ

ള്ളുകയും വെണം. അവര തീർത്തുകൊടുക്കയുംചെയ്യും. ആ സ്ഥല ങ്ങളിൽ സങ്കടം തീർന്നില്ലന്നവരിക്കിൽ കൊട്ടകളിലും ഹജൂർക്ക ച്ചേരിയിലും എല്ലാക്കുടിയാനവന്മാരയും ഒരുപ്പോലെ വിചാരിക്ക ന്നതാകകൊണ്ടു അതിന്മണ്ണം ഒള്ള കായ്ങ്ങാം കൊട്ടിലും ടുക്കം ആവിശ്യം ഒണ്ടായിരുന്നാൽ ഹജൂരിലും ചെന്ന പറഞ്ഞുകൊള്ള കയുംവെണം.

൩-മത. പണ്ടാരവക ഉദ്യോഗസ്ഥന്മാരിൽ ആരെങ്കിലും യാതൊരു കുടിയാനവനൊടു ആവാതു ഞെരുക്കമായിട്ടും അന്യാ യമായിട്ടും നടന്നാൽ ആ സംഗതി കൊട്ടിലും ഹജൂരിലും കെട്ട തീർത്തുകൊടുക്കയുംചെയ്യും. അതിന്മണ്ണം കെഠംക്കുന്നതിൽ ഉദ്യോ ഗസ്ഥന്മാരിടെപെരിൽ ഏതെങ്കിലും അഴിമതിയും അന്യായ ങ്ങളും ഒള്ളപ്രകാരം തെളിഞ്ഞാൽ അവരെ ശിക്ഷയുംകഴിച്ചു പിന്നത്തതിൽ യൊഗ്യന്മാരല്ലാത്ത പ്രകാരം നിശ്ചയിക്കയും ചെയ്യും.

൪-മത. സങ്കടം ഒള്ള ആളുകാംക്ക ഒക്കെയും അവര സങ്കടം പറഞ്ഞു തീർത്തുകൊള്ളെണ്ടുന്ന സ്ഥലം ഇന്നതെന്ന മെൽ എഴുതിയിരിക്കുന്നതുകൊണ്ടു അറിവാൻ ഇട ഒള്ളതാക യാൽ അക്രമംചെയ്യുന്ന ആളുകളെ അവസ്ഥപൊലെ വിചാരി ക്കയും ചെയ്യും. എന്തുകൊണ്ടെന്നാൽ രാജ്യത്തിൻെറ സൗഖ്യ ത്തിന വിരൊധംചെയ്യുന്ന ആളുകളൊടു ഒട്ടുന്നതെ ക്ഷമിക്കുന്ന തല്ലാഴികകൊണ്ടു ൦രൊയവസ്ഥ സകലമാനപെരും അറിഞ്ഞു നട ന്നകൊള്ളുകയുംവെണം.

എന്ന- ഫ൦൦൪ മാണ്ടു മകരമാസം ൨൯-ന-.

Re:—Wearing of upper-clothes and performing certain services by certain classes.

ശ്രീഅയ്യില്യംതിരുനാൾ മഹാരാജാവു തിരുമനസ്സുകൊണ്ടു്.

നമ്പർ 192.

M. E. 1040.
A. D. 1865.

ശ്രീപത്മനാഭദാസ വഞ്ചിബാല രാമവർമ്മ കുലശെഖര
കിരീടപതി മന്നെസുൽത്താൻ മഹാരാജരാജെ
രാമരാജാബഹദർ ഷംഷെർജംഗ
മഹാരാജാ അവർകൾ സകല
മാനപെർക്കും പ്രസിദ്ധപ്പെ
ടുത്തുന്ന വിളംബരം.

എന്തെന്നാൽ— ചാന്നാട്ടികളുടെ മെലിൽ ശീലക്കായ്ച്ചതെ
ക്കുറിച്ചു ഫറമൽ. മാണ്ടു ആടമാസം ഫയ-നു-കു ഫവു ൽൻ-

വർഷം ജൂലായിമാസം ൨൯-൯ പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന വിളംബരപ്രകാരം ഉള്ള ഫണം ൦രം൪വരുമുതലായി മെലിൽശീലഇ ടുന്നതിന്ന വിരൊധം ഉള്ള എല്ലാജാതിക്കാറരക്കും സിദ്ധിക്കെണ മെന്നകണ്ടു ഇപ്പൊൾ പ്രസിദ്ധപ്പെടുത്തുന്നത എന്തെന്നാൽ—

൦മൽപ്പറഞ്ഞ എല്ലാജാതിയിലുള്ള സ്ത്രീകളും ൦രം വിളം ബരം പ്രസിദ്ധപ്പെടുത്തുന്ന തീയതിമുതൽ ചാന്നാട്ടികളെപ്പൊലെ കുപ്പായം ഇട്ടുകൊള്ളുകയൊ മുക്കുവത്തികളെപ്പൊലെ കട്ടിശ്ശീല കൊണ്ടു ഉടുത്തുകെട്ടിക്കൊള്ളുകയൊ മെലെഴുതിയ വിളംബര ത്തിൽ വിവരിച്ചിരിക്കുന്നതിന്മണ്ണം മറു ഏതുവിധത്തിൽ എ ങ്കിലും മാറുമറച്ചുകൊള്ളുകയൊ ചെയ്യുന്നതിന്ന അനുവദിച്ചിരി ക്കുകൊണ്ടു ൦രം വിവരം സകലമാന്പെരും അറിഞ്ഞു നടന്നു കൊള്ളുകയും വെണം.

എന്നു- ഫ ൦ ർ ൦ - മാണ്ടു മിഥുനമാസം ഫ ൯-൯

Re:—Wearing of upper clothes by women of all castes.

ശ്രീമൂലംതിരുനാൾ മഹാരാജാവു തിരുമനസ്സുകൊണ്ടു'

നമ്പർ-252. M. E. 1074.
A. D, 1898.

ശ്രീപത്മനാഭദാസ വഞ്ചിബാല സർ രാമവർമ്മ കുലശെഖര കിരീടപതി മന്നെസുൽത്താൻ മഹാരാജരാജെ രാമരാജാ ബഹാദർ ഷംഷെർജംഗ് നൈറ്റ് ഗ്രാൻറ് കമാൻഡർ ആഫ് ദി മൊസ്റ്റ എക്സാൾട്ടെഡ് ആർഡർ ആഫ് ദി സ്റ്റാർ എഫ് ഇൻഡ്യാ ആഫ്. എം. യു. എം. ആർ. എ. എസ്സ്. മഹാരാജാ അകർകും സകലമാനപെക്കും പ്രസിദ്ധപ്പെടുത്തുന്ന വിളംബരം.

പൊതുജനൊപയൊഗങ്ങളായ ദെവാലയങ്ങളും പുതുതായി കെട്ടുന്നതിനെയും ഉപയൊഗിക്കുന്നതിനെയും ക്രമപ്പെടുത്തെണ്ടത് ആവശ്യമാകയാൽ ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നതു എന്തന്നാൽ—

൧. ൦രം വിളംബരം ൧൦൧൫-മണ്ടു മകരമാസം ൧-നു- നടപ്പാകുന്നതാകുന്നു.

൨. ൧൦൦൫-മാണ്ടു മകരമാസം ൨൪-നു- ഉണ്ടായ വിളംബരത്തെ ഇതിനാൽ റദ്ദ് ചെയ്തിരിക്കുന്നു.

൩. പൊതുജനൊപയൊഗമായ ദെവാലയം എന്നവച്ചാൽ ൧൦൧൫ മാണ്ടത്തെ ഒന്നാം റിഗ്രുലെഷനായ തിരുവിതാംകൊട്ട ശിക്ഷാനിയമം ൧൮൬൨-വകുപ്പിൽ വിവരിച്ചിരിക്കുന്ന വിധത്തിൽ ഒള്ള ഒരു പൊതുജനൊപയൊഗമായ ദെവാലയം എന്ന അർത്ഥമാകുന്നു.

൪. നമ്മുടെ ഗവമ്മെണ്ടിന്റെ രെഖാമൂലമായ അനുവാദമില്ലാതെ പൊതുജനൊപയൊഗമായ യാതൊരു ദെവാലയവും പുതുതായി കെട്ടുകയൊ ഇപ്പൊൾ ഒള്ള വല്ല കെട്ടിടത്തെയും പൊതുജനൊപയൊഗമായ ദെവാലയമാക്കുകയൊ ചെയ്കുടാ.

൫. പൊതുജനൊപയൊഗമായ വല്ല ദെവാലയവും കെട്ടുന്നതിനൊ ഇപ്പൊൾഒള്ള വല്ല കെട്ടിടത്തെയും ഒരു പൊതുജനൊപയൊഗമായ ദെവാലയമായി ഉപയൊഗിക്കുന്നതിനൊ

അനുവാദത്തിനായി ഒള്ള അപ്പെക്ഷഹർജിയെ ഇതിനൊട്ട ചെ
ത്തിരിക്കുന്ന ഏ ഫാറത്തിൽ എഴുതി അപ്രകാരം കള്ള ത
വാലയം ഉണ്ടാക്കുവാൻ നിശ്ചയിച്ചിരിക്കുന്ന സ്ഥലമൊ പൊതു
ജനൊപയൊഗമായ ഒരു ദെവാലയമാക്കുവാൻ നിശ്ചയിച്ചിരി
ക്കുന്ന കെട്ടിടമൊ ഏതു ഡിവിഷനിൽ ഇരിക്കുന്നുവൊ ആ ഡിവി
ഷനിലെ ദിവാൻപെഷ്കാരുടെപക്കൽ അപ്പെക്ഷക്കാരൻതന്നെ
യൊ ക്രമപ്രകാരം അധികൃതനായ കാര്യസ്ഥൻമുഖാന്തിരമൊ
കൊടുക്കെണ്ടതാകുന്നു.

൩. ആ അപ്പെക്ഷഹർജി കിട്ടിയ ഉടനെ ദിവാൻപെ
ഷ്കാർ അപ്പെക്ഷഹർജിയിലെ അപ്പെക്ഷയെ നടക്കുന്നതിൽ
വല്ല വിരൊധാക്ഷെപവും ഉണ്ടായിരിക്കാവുന്നവർ പരസ്യത്തിലെ
തീയതിമുതൽ ഒരാഴ്ചവട്ടത്തിനകം തന്റെയൊ പരസ്യത്തിൽ
പ്രത്യെകം ആജ്ഞാപിച്ചിരുന്നാൽ സ്ഥലത്തെ തഹശീൽദാരുടെ
യൊ മുമ്പാകെ ഹാജരായി വിരൊധാക്ഷെപങ്ങളെ എഴുതിബൊ
ധിപ്പിച്ചുകൊള്ളണമെന്ന ഒരു പരസ്യം ഇതിനൊട്ട ചെർത്തിരി
ക്കുന്ന ബീ ഫാറം അനുസരിച്ചു എഴുതി പ്രസിദ്ധപ്പെടുത്തുകയും
അതിന്റെ പകർപ്പുകളെ പ്രവൃത്തിക്കച്ചെരിയിലും ഡിവിഷൻ
കച്ചെരിയിലും എല്ലാവരും കാണത്തക്ക സ്ഥലത്തിൽ പതിപ്പി
ക്കയും ആ സ്ഥലമൊ കെട്ടിടമൊ ഏതു ഗ്രാമത്തിലൊ പ്രവൃത്തി
യിലൊ ഇരിക്കുന്നുവൊ ആ ഗ്രാമത്തിലും പ്രവൃത്തിയിലും തമുക്കടി
ച്ചു പ്രസിദ്ധപ്പെടുത്തിക്കയും ചെയ്യെണ്ടതാകുന്നു. ഒരു അവധി
കഴിഞ്ഞു കിട്ടുന്ന വിരൊധാക്ഷെപങ്ങളെ യാതൊരു സംഗതിവ
ശാലും സ്വീകരിക്കുന്നതല്ല. ക്ലിപ്തപ്പെടുത്തിയ തീയതിക്ക
കം യാതൊരു വിരൊധാക്ഷെപവും കിട്ടിയില്ലെന്നുവരികിൽ
തഹശീൽദാർ റിക്കാർഡ്കളെ ദിവാൻപെഷ്കാക്കും ദിവാൻ
പെഷ്കാർ ദിവാനും ഹർജികിട്ടിയ തീയതിമുതൽ ൩൦-ദിവ
സത്തിനകംതന്നെ അയക്കെണ്ടതാകുന്നു.

൪. വിരൊധാക്ഷെപങ്ങൾ വല്ലതും വന്നിട്ടുണ്ടായിരു
ന്നാൽ അവ കിട്ടിയതുമുതൽ ൧൦-ദിവസത്തിലധികം താമസി
യാതെ ഒരു ദിവസത്തിൽ അവയെ കെൾക്കാനായി ഒരു വിചാര
ണദിവസം നിശ്ചയിക്കണം. അപ്പെക്ഷക്കാരനും വിരൊധാ
ക്ഷെപം പുറപ്പെടുവിക്കുന്നവരും അന്നുദിവസം തഹശീൽദാരു

ടെയൊ ദിവാൻപെഷ്കാരുടെയൊ മുൻപാകെ ഹാജരാകണ്ടതാ
ന്ന ആവശ്യപ്പെടേണ്ടതാകുന്നു. സ്ഥലത്തുചെന്നു വിചാരണചെ
യ്യുന്നതുകൊണ്ടു കാര്യത്തെ വേഗത്തിൽ തീർച്ചയാക്കാമെന്നുണ്ടാ
യിരുന്നാൽ ഇരുകക്ഷികളുടെയുമൊ ആ കാലത്തിനകം അവിടെ
ഹാജരായിരിക്കാവുന്ന കക്ഷികളുടെയൊ മുൻപാകെവച്ചു അപ്ര
കാരം സ്ഥലവിചാരണചെയ്യേണ്ടതു് വിചാരണചെയ്യുന്ന ഉദ്യോ
ഗസ്ഥന്റെ കർത്തവ്യമാകുന്നു. തഹശീൽദാർ വിരൊധാക്ഷെപങ്ങളെ
കെൾക്കയൊ സ്ഥലവിചാരണ നടത്തുകയൊ ചെയ്തിരിക്കുന്ന
സംഗതികളിൽ തഹശീൽദാർ ആവശ്യമുള്ള ലെഖനങ്ങളെ ത
ന്റെ അഭിപ്രായത്തൊടുകൂടി ഹർജി കിട്ടിയ തീയതിമുതൽ ഒരു
മാസത്തിനകം ദിവാൻപെഷ്കാരു നിശ്ചയമായി കിട്ടാൻതക്ക
വണ്ണം അയക്കെണ്ടതാകുന്നു ദിവാൻപെഷ്കാർ അപെക്ഷ
ഹർജിയെയും വിചാരണയിലുള്ള രിക്കാർട്ടുകളും വല്ലതും ഉണ്ട
ങ്കിൽ അവയെയുംതന്റെ അഭിപ്രായസഹിതം അപെക്ഷഹർജി
കിട്ടിയ തീയ്യതിമുതൽ ൪൫-ദിവസത്തിനകംതന്നെ ദിവാന
കിട്ടാൻതക്കവണ്ണം അയക്കെണ്ടതാകുന്നു

൫. ഗവർമ്മെണ്ടിൽനിന്നും ഇന്നവിധത്തിൽ തീർച്ചചെ
യ്തിരിക്കുന്നു എന്നു ദിവാൻ അപെക്ഷക്കാരനെ തെര്യപ്പെടുത്ത
ണം. അപെക്ഷയെ സ്വീകരിക്കാത്തപക്ഷം അതിനുള്ള കാരണ
ങ്ങളും അയാളെ തെര്യപ്പെടുത്തെണ്ടതാണ്". ദിവാൻപെഷ്കാ
ർക്കു ഹർജി കിട്ടുന്നതിനു ൩൦ ദിവസത്തിനകം അപെക്ഷയെ തള്ളി
യിരിക്കുന്നതായൊ നടകിയിരിക്കുന്നതായൊ ഒരു ഉത്തരവു
അപെക്ഷക്കാരനു കിട്ടിയില്ലെന്നുവരികിൽ മൂന്നാംവകുപ്പിൽ
എന്തുതന്നെപറഞ്ഞിരുന്നാലും ദെവാലയം കെടുന്നതിനൊ അതി
നെ ദെവാലയമായി ഉപയൊഗിക്കുന്നതിനൊ ആരംഭിക്കാവുന്ന
താകുന്നു.

എന്നു-ഫൊർ-മാണ്ടു വൃശ്ചികമാസം ൧൯-നു.

Re:—Erection of places of public worship.

ശ്രീമൂലംതിരുനാൾ മഹാരാജാവു തിരുമനസ്സുകൊണ്ട്.

നമ്പർ-268. M. E. 1086.
A. D. 1910.

ശ്രീപത്മനാഭദാസ വഞ്ചിപാല സർ രാമവർമ്മ കുലശേഖര കിരീടപതി മന്നെസുൽത്താൻ മഹാരാജരാജ രാമരാജബഹദൂർ ഷംഷർജംഗ്, നൈട് ഗ്രാണ്ഡ് കമ്മാണ്ഡർ ആഫ് ദി മോസ്ട് എക്സാൾടെഡ് ആർഡർ ആഫ് ദി സ്റ്റാർ ആഫ് ഇൻഡ്യാ, നൈട് ഗ്രാണ്ഡ് കമ്മാണ്ഡർ ആഫ് ദി മോസ്ട് എമിനെണ്ട് ആർഡർ ആഫ് ദി ഇൻഡ്യൻ എമ്പൈർ, എഫ്. എം. യൂ., എം. ആർ. ഏ. എസ്. ആഫീസ്യർ ദി ലാ ഇൻസ്ട്രക്ഷൻ പബ്ലിക്, മഹാരാജാ അവർകാം

സകലമാനപേക്കും

പ്രസിദ്ധപ്പെടുത്തുന്ന

വിളംബരം.

പൊതുജനോപയോഗങ്ങളായ ദേവാലയങ്ങളും പുതുതായി കെട്ടുന്നതിനേയും ഉപയോഗിക്കുന്നതിനേയും ക്രമപ്പെടുത്തുന്നതിലേക്കു ഫവ്വൽവ്വ-ംവർഷം നവംബർമാസം ഫെ൯ക്കു ശരിയായ ഫാർ-മാണ്ടു വൃശ്ചികമാസം ഫസ്തു- ഉണ്ടായിട്ടുള്ള നമ്മുടെ വിളംബരത്തിൽ വ്യ-ം വകുപ്പിൽ ദിവാൻപേഷ്കാർ ഹർജി കൊടുത്തു ന്യ ദിവസത്തിനകം അപേക്ഷിക്കപ്പെട്ട അനുവാദത്തെ തള്ളിയിരിക്കുന്നതായൊ നൽകിയിരിക്കുന്നതായൊ ഒരു ഉത്തരവു അപേക്ഷകന്നു കിട്ടിയില്ലെന്നുവരുകിൽ മേൽപ്പറഞ്ഞ നമ്മുടെ വിളംബരത്തിൽ ർ-ംവകുപ്പിൽ എന്തുതന്നെ പറഞ്ഞിരുന്നാലും അപേക്ഷകൻ ദേവാലയം കെട്ടുന്നതിനൊ അതിനെ ദേവാലയമായി ഉപയോഗിക്കുന്നതിനൊ ആരംഭിക്കാവുന്നതാകുന്നു എന്നു പറഞ്ഞിരിക്കകൊണ്ടും, മേൽപ്പറഞ്ഞ അറുപതു ദിവസം കാലാവധിക്കകം അപേക്ഷഹർജികളെ തീർച്ചു ചെയ്യുകയും ആ തീർച്ചകളെ അപേക്ഷകന്മാരെ തെര്യപ്പെടുത്തുകയും ചെയ്യുന്നതു എല്ലാ സംഗതികളിലും സാധ്യം അല്ല എന്നു കണ്ടിരിക്കകൊണ്ടും, മേൽപ്പറഞ്ഞ

നമ്മുടെ വിളംബരത്തിലെ മെൽപ്പറഞ്ഞ വ-ംവകുപ്പിൽ 'അറു പതുദിവസം' എന്നതിനു പകരം '൯൦ ദിവസം' എന്നു ചേർക്കണം എന്നു നാം ഇതിനാൽ ആജ്ഞാപിക്കുന്നു.

എന്നു, ക്രൻക്ര ൦-ം വർഷം നവംബർമാസം ന-ന്ന-ക്ക
ശരിയായ ക്ര ൦ വ്യന്ന-മാണ്ടു തുലാമാസം ക്ര വ്യ-ന്ന-

Re:—Erection of places of public worship.

ശ്രീമൂലംതിരുനാൾ മഹാരാജാവു തിരുമനസ്സുകൊണ്ടു്.

നമ്പർ 291. M. E. 1094.
A. D. 1919.

ശ്രീപത്മനാഭദാസ വഞ്ചിപാല സർ രാമവർമ്മ കുലശേഖരകിരീടപതി മന്നെസുൽത്താൻ മഹാരാജരാജെ രാമരാജബഹദൂർ ഷംഷെർജംഗ്, നൈട് ഗ്രാൻഡ് കമ്മാൻഡർ ആഫ് ദി മോസ്റ്റ് എക്സാൾടെഡ് ഓർഡർ ആഫ് ദി സ്റ്റാർ ആഫ് ഇൻഡ്യ, നൈട് ഗ്രാൻഡ് കമ്മാൻഡർ ആഫ് ദി മോസ്റ്റ് എമിനെൻറ് ഓർഡർ ആഫ് ദി ഇൻഡ്യൻ എമ്പയർ, എഫ്. എം. യു., എം. ആർ. എ. എസ്., എഫ് ആർ. ജി. എസ്., ഓഫീസ്യർ ഡി ലാ ഇൻസ്ട്രക്ഷൻ പബ്ലിക്

മഹാരാജാ അവർകൾ

സകലമാനപേക്കും പ്ര

സിദ്ധാപ്പെടുത്തുന്ന

വിളംബരം.

എന്തെന്നാൽ-ഫർഫ ൈ-ാംവർഷം നവംബർമാസം ന ം-ാം ന-ക്ക ശരിയായ ഫ ം ൻന-ാമാണ്ടു വൃശ്ചികമാസം ഫ ൈ-ാംന-

കൊച്ചിരാജാ അവർകളാൽ പ്രസിദ്ധം ചെയ്യപ്പെട്ട ഒരു വിളംബരത്താൽ കൊച്ചി സംസ്ഥാനത്തു ഇരിഞ്ഞാലക്കുടെ ക്രൂടൽമാണിക്യം ദേവസ്വത്തിന്റെ പ്രശസ്തരമായ ഭരണത്തിലേക്കു വ്യവസ്ഥ ചെയ്തിരിക്കകൊണ്ടും നടപടിത്തെറ്റുണ്ടാകുന്നപക്ഷം തച്ചടയ കയ്മൾ എന്നു വിളിച്ചുവരുന്ന മേൽപറഞ്ഞ ദേവസ്വത്തിലെ കയ്മളെ ആ ദേവസ്വം വക വസ്തുക്കളുടെ കൈകാര്യകർത്തവ്യത്തിൽനിന്ന് ഒഴിച്ചു ഒരു കൈകാര്യകത്താവിനെ നിയമിക്കാവുന്നതാണെന്നു മേൽപറഞ്ഞ വിളംബരപ്രകാരം വ്യവസ്ഥചെയ്തിരിക്കകൊണ്ടും നാം ഇതിനാൽ ആജ്ഞാപിക്കുന്നതെന്തെന്നാൽ:

ക. ഈ വിളംബരത്തിനു ക്രൂടൽമാണിക്യം ദേവസ്വം വിളംബരം എന്നു പേർ പറയാവുന്നതാകുന്നു.

ഖ. ക്രൂടൽമാണിക്യംദേവസ്വം വകയായ ഏതെങ്കിലും വസ്തുവിനെ സംബന്ധിച്ചു തിരുവിതാംകോട്ടുള്ള യാതൊരു സിവിൽകോടതിയിലെങ്കിലും റവന്യൂകോടതിയിലെങ്കിലും ഉണ്ടാകുന്ന എല്ലാ വ്യവഹാരങ്ങളിലും നടപടിക്രമങ്ങളിലും കയ്മൾ, ര-ം ങ-ംവകുപ്പുകളിലെ വ്യവസ്ഥകൾക്കുൾപ്പെട്ട്, ആ ദേവസ്വത്തിന്റെ പ്രതിനിധിയായിരിക്കുന്നതാകുന്നു.

ഗ. കൊച്ചിരാജാ അവർകളുടെ മേൽപറഞ്ഞ വിളംബരത്തിൽ വ്യവസ്ഥചെയ്തിട്ടുള്ളപ്രകാരം, മേൽപ്പറഞ്ഞ ദേവസ്വംവകയായ വസ്തുക്കളുടെ കൈകാര്യകർത്തവ്യത്തെ നിയമനാധികാരസ്ഥൻ കയ്മളിൽ നിന്നു ഒഴിക്കുന്നതും ഒരു കൈകാര്യകത്താവിനെ നിയമിക്കുന്നതും നമ്മുടെ സർക്കാർഗസറ്റിൽ പ്രസിദ്ധം ചെയ്യേണ്ടതാകുന്നു.

ഘ. മേൽപറഞ്ഞ വിളംബരത്താൽ വ്യവസ്ഥചെയ്തിട്ടുള്ളപ്രകാരം തൽക്കാലം ആ ദേവസ്വത്തിലുള്ള കയ്മളിൽ നിന്നു ആ ദേവസ്വംവകയായ വസ്തുക്കളുടെ കൈകാര്യകർത്തവ്യത്തെ ഒഴിക്കുകയും ഒരു കൈകാര്യകത്താവിനെ നിയമിക്കുകയും ചെയ്യുമ്പോൾ, എല്ലാ ആധാരങ്ങളും കണക്കുകളും ഉൾപ്പെടെ തിരുവിതാംകോട്ടിൽ കിടപ്പുള്ളതായി ആ ദേവസ്വം വകയായ എല്ലാ വസ്തുക്കളുടേയും കൈവശത്തിനും കൈകാര്യകർത്തവ്യത്തിനും അപ്രകാരം നിയമിക്കപ്പെട്ട കൈകാര്യകത്താവിനു, ങ-ാംവകുപ്പിൻ പ്രകാരം പ്രസിദ്ധപ്പെടുത്തപ്പെട്ട പരസ്യം നടപ്പിലിരിക്കുന്ന കാലത്തോളം, അവകാശമുണ്ടായിരിക്കുന്നതും ആവശ്യപ്പെടുന്ന

74683

പക്ഷം വ്യവഹാരം കൊടുത്തു അവയെ കൈവശപ്പെടുത്താൻ അവകാശമുണ്ടായിരിക്കുന്നതും ആകുന്നു

൭. അപ്രകാരമുള്ള എല്ലാ കൈകാര്യക്കർത്താവും, താൻ കൈകാര്യകർത്തവ്യം വഹിക്കുന്നകാലത്തു, ആ ദേസ്വംവകയായ ഏതെങ്കിലും വസ്തുവിനെ സംബന്ധിച്ചു തിരുവിതാംകോട്ടുമായാതൊരു സിവിൽകോടതിയിലെങ്കിലും റവന്യൂകോടതിയിലെങ്കിലും ഉണ്ടാകുന്ന എല്ലാ വ്യവഹാരങ്ങളിലും നടപടികളിലും, ആ ദേവസ്വത്തിലെ കയ്മളുടെ പ്രതിനിധിസ്ഥാനത്തിൽ, വാദിയാകൊ പ്രതിയായൊ വ്യവഹാരപ്പെടേണ്ടതുമാകുന്നു.

എന്നു് ഫൻ ഫൻ-ാംവർഷം ജൂൺമാസം ഫൻ-ാംനു-ക്കു

ശരിയായ ഫ ൦ ൻ ര് ാമാണ്ടു് മിഥുനമാ ൧൦ ൪-ാംനു-

Re:—Koodalmanickom Devaswom.

ശ്രീപത്മനാഭദാസ വഞ്ചിപാല സർ രാമവർമ്മകുലശേഖര
കിരീടപതി മന്നേസുൽത്താൻ മഹാരാജ രാജ രാമരാജ
ബഹദ്ദർ ഷംഷെർജംഗ്, നൈറ്റ് ഗ്രാൻഡ് കമാൻഡർ
ഓഫ് ദി മോസ്റ്റ് എമിനെൻറ് ആർഡർ ഓഫ്
ദി ഇൻഡ്യൻ എമ്പയർ, തിരുവിതാംകൂർ
മഹാരാജാവു തിരുമനസ്സുകൊണ്ട് ഫൻനന്ന
നവംബർ ഫറ-ാംനു-ക്കു ശരിയായ
ഫഫഫറ തുലാം റ-ാംനു-
പ്രസിദ്ധപ്പെടുത്തുന്ന
വിളംബരം.

നമ്മുടെ മതത്തിൻെറ പരമാർത്ഥതയും സുപ്രമാണതയും ഗാഢമായി ബോദ്ധ്യപ്പെട്ടും, അയ്യ ദൈവീകമായ അനുശാസനത്തിലും സർവ്വവ്യാപകമായ സഹിഷ്ണുതയിലുമാണ് അടിയുറച്ചിരിക്കുന്നതെന്നു വിശ്വസിച്ചും, അതിൻെറ പ്രവർത്തനത്തിൽ അതു ശതവർഷങ്ങളായി കാലപരിവർത്തനത്തിന് അനുയോജിച്ചു പോന്നുവെന്നു ധരിച്ചും, നമ്മുടെ ഹിന്ദുപ്രജകളിൽ ആർക്കുംതന്നെ അവരുടെ ജനനമോ, ജാതിയോ, സമുദായമോ കാരണം ഹിന്ദുമതവിശ്വാസത്തിൻെറ ശാന്തിയും സാന്ത്വനവും നിഷേധിക്കപ്പെടാൻ പാടില്ലെന്നുള്ള ഉൽക്കണ്ഠയാലും, നാം തീരുമാനിക്കയും ഇതിനാൽ പ്രഖ്യാപനം ചെയ്യുകയും നിയോഗിക്കയും ആജ്ഞാപിക്കയും ചെയ്യുന്നതെന്തെന്നാൽ, സമുചിതമായ പരിതഃസ്ഥിതികളും പരിരക്ഷിക്കുന്നതിനും ക്രിയാപദ്ധതികളും ആചാരങ്ങളും വച്ചു നടത്തുന്നതിനും നാം നിശ്ചയിക്കയും മുമ്പത്തുകയും ചെയ്യാവുന്ന നിയമങ്ങൾക്കും നിബന്ധനകൾക്കും വിധേയമായി, ജനനാലോ മതവിശ്വാസത്താലോ ഹിന്ദുവായ യാതൊരാൾക്കും നമ്മുടെയും നമ്മുടെ ഗവണ്മെൻറിൻെറയും നിയന്ത്രണത്തിലുള്ള ക്ഷേത്രങ്ങളിൽ പ്രവേശിക്കുന്നതിനോ ആരാധന നടത്തുന്നതിനോ ഇനിമേൽ യാതൊരു നിരോധനവും ഉണ്ടായിരിക്കാൻ പാടില്ലെന്നാകുന്നു.

ശ്രീപത്മനാഭദാസ വഞ്ചിപാല സർ രാമവർമ്മ കുലശേഖർ
കിരീടപതി മന്നേ സുൽത്താൻ മഹാരാജ രാജ രാമരാജ
ബഹദൂർ ഷംഷേർജംഗ്, ജനറൽ ഗ്രാൻഡ് കമാൻഡർ
ആഫ് ദി മോസ്റ്റ് എമിനെൻറ് ആർഡർ ആഫ്
ദി ഇൻഡ്യൻ എമ്പയർ, തിരുവിതാംകൂർ മഹാ
രാജാവു തിരുമനസ്സുകൊണ്ടു ഫൻസന്ന നവം
ബർ ൨൮-ാംന- ക്ക ശരിയായ ഫ ഫ ൨൮
വൃശ്ചികം ൯-ാംന- പ്രസിദ്ധപ്പെട
ുത്തുന്ന വിളംബരം.

ഫ ഫ ൨൮ യിലാം ൨൬-ാംന-| ഫൻസന്ന നവംബർ ൨൮-ാംന- നാം പുറപ്പെടുവിച്ചിട്ടുള്ള വിളംബരപ്രകാരം, നാം ഏർപ്പെടുത്താവുന്ന ചട്ടങ്ങൾക്കും നിബന്ധനകൾക്കും വിധേയമായി നമ്മുടെയും നമ്മുടെ ഗവണ്മെൻറിൻെറയും നിയന്ത്രണത്തിലുള്ള ക്ഷേത്രങ്ങളിൽ ഏതൊരു ഹിന്ദുവും പ്രവേശിച്ചു സാമിദർശനം നടത്തുന്നതിനെ നിരോധിക്കാവുന്നതല്ലെന്നു നാം പ്രഖ്യാപനം ചെയ്യുകയും നിയോഗിക്കയും ആജ്ഞാപിക്കയും ചെയ്തിട്ടുള്ളതിനാൽ താഴെ കാണുന്ന ചട്ടങ്ങൾ നാം ഇതിനാൽ നിയമപ്പെടുത്തിയിരിക്കുന്നു.

൧. ഈ ചട്ടങ്ങളിൽ ഉപയോഗിച്ചിട്ടുള്ള "ക്ഷേത്രം" എന്ന വചനത്തിൽ ക്ഷേത്രവും ഉപദേവാലയങ്ങളും മാത്രമല്ല ക്ഷേത്രത്തോടു ബന്ധപ്പെട്ട മണ്ഡപങ്ങളും മറ്റു് എടുപ്പുകളും, കുളം, കിണറ് എന്നിവയും ഉൾപ്പെടുന്നതാണു്.

൨. "ദേവസ്വത്തിലെ പ്രധാന ഉദ്യോഗസ്ഥൻ" എന്നു ചട്ടങ്ങളിൽ പറയുന്നതു ദേവസ്വത്തിൻെറ മുമതല വഹിക്കുന്ന ഉദ്യോഗസ്ഥൻ എന്ന അർത്ഥത്തിലാകുന്നു. അതിൽ, വിചാരണാധികാരമുള്ള അയാളുടെ മേലുദ്യോഗസ്ഥന്മാരും, ദേവസ്വത്തിലെ പ്രധാന ഉദ്യോഗസ്ഥൻെറ അധികാരങ്ങൾ നടത്തുമ്പോൾ ഉൾപ്പെടുന്നതാണു്.

൩. മഹാരാജാവുതിരുമനസ്സിലെയും ഗവണ്മെൻറിൻെറയും നിയന്ത്രണത്തിലുള്ള എല്ലാ ക്ഷേത്രങ്ങളിലേയും പൂജകൾ, നിവേദ്യങ്ങൾ, വഴിപാടുകൾ, നിത്യനിദാനം, മാസവിശേഷം, ആട്ടവിശേഷം ഉത്സവം, മറ്റു സാധാരണവും അസാധാരണവും ആയ

അടിയന്തരങ്ങൾ, ക്രിയകൾ, ഇവ സംബന്ധിച്ചുള്ള കീഴ്നടപ്പുകളും ആചാരങ്ങളും ഇതുവരെയുള്ളതുപോലെതന്നെ മേലും തുടർന്നനുഷ്ഠിക്കുന്നതിലേക്കു്, വിളംബരത്തിലെ ഉദ്ദേശങ്ങൾക്കു് അനുരൂപമായി ക്ഷേത്രത്തിൽ പ്രവേശിച്ചു സ്വാമി ദർശനം നടത്തുന്നതിനുള്ള സമയം ക്രമപ്പെടുത്തുന്നതിനോ ഒരേ കാലത്തു സ്വാമിദർശനത്തിനായി പ്രവേശിക്കാവുന്നവരുടെ സംഖ്യ ക്രമപ്പെടുത്തുന്നതിനോ, പ്രത്യേകകാര്യങ്ങൾക്കായി ചിലവ്യക്തികളെയും സമുദായങ്ങളെയും സംബന്ധിക്കാവുന്ന വിശേഷാൽ ആചാരങ്ങളുംകീഴ്നടപ്പുകളും പരിപാലിക്കുന്നതിനോ അത്യാവശ്യകാലം ആവശ്യമായ നിദേശങ്ങൾ നൽകാൻ ദേവസ്വത്തിലെ പ്രധാന ഉദ്യോഗസ്ഥ അധികാരം ഉണ്ടായിരിക്കുന്നതാണ്.

൪. ക്ഷേത്രത്തിൽ പ്രവേശിക്കുന്നതിനുള്ള അനുവാദത്തെ കീഴ്നടപ്പനുസരിച്ചു് അനുവദിച്ചിട്ടുള്ള ആളുകൾ ഒഴികെ മറ്റുള്ളവരുടെ പ്രവേശനം ഇപ്പോഴും പ്രത്യേകം നിരോധിച്ചിട്ടുള്ളതായ ശ്രീകോവിൽ, തിടപ്പള്ളി (പാചകശാല), ക്ഷേത്രത്തിലെ മറ്റു ഭാഗങ്ങൾ എന്നിവയിൽ പ്രവേശിക്കുന്നതിനുള്ള അധികാരമായി വിനിയോഗിക്കാൻ പാടില്ലാത്തതാകുന്നു.

൫. മേൽ വിവരിച്ചിട്ടുള്ള വ്യവസ്ഥകളുടെ ഉദ്ദേശങ്ങൾ നടപ്പിൽ വരുത്തുന്നതു സംബന്ധിച്ചും, ക്ഷേത്രത്തിലെ പൂജാദികർമ്മങ്ങൾ യഥാവിധി നടത്തുന്നതിനോ ഇതുവരെ നടത്തിവന്നിരുന്നതുപോലെ ആളുകൾക്കു ഭക്ഷണം നൽകുക മുതലായ ചടങ്ങുകൾ നിർവഹിക്കുന്നതിനോ തൽക്കാലത്തേക്കു പ്രത്യേകം ഒഴിച്ചിടേണ്ട സ്ഥലങ്ങൾ സംബന്ധിച്ചും ദേവസ്വത്തിലെ പ്രധാന ഉദ്യോഗസ്ഥൻ നൽകുന്ന നിദേശങ്ങളെ ദർശനക്കാരെല്ലാം അനുസരിക്കേണ്ടതാകുന്നു.

൬. അടിയിൽ പ്രസ്താവിക്കുന്ന തരത്തിലുള്ള യാതൊരാളും ക്ഷേത്രത്തിൻെറ പുറമതിലുകൾക്കുള്ളിലോ മതിലുകളില്ലാത്തയിടത്തു ക്ഷേത്രവളപ്പിനുള്ളിലോ പ്രവേശിക്കാൻ പാടില്ലാത്തതാകുന്നു.

(എ) ഹിന്ദുക്കളല്ലാത്തവർ.

(ബി) തങ്ങളുടെ കുടുംബത്തിലുണ്ടാകുന്ന ജനനമോ മരണമോ കാരണം പുലവാലായ്മകളുള്ളവർ.

(സി) കീഴ്നടപ്പും ആചാരവും അനുസരിച്ചു ക്ഷേത്രത്തിൽ പ്രവേശിക്കാൻ പാടില്ലെന്നു നിശ്ചയിച്ചിട്ടുള്ള കാലസ്ഥിതികർമ്മങ്ങളുടെ വിധേയരായ സ്ത്രീജനങ്ങൾ.

(ഡി) മദ്യോന്മത്തരായും ക്രമഹീനരായും നടക്കുന്നവർ.

(ഇ) ഛർദ്ദ്യാവഹമോ സാംക്രമികമോ ആയ രോഗം ബാധിച്ചിട്ടുള്ളവർ.

(എഫ്) അതായതു ദേവസ്വത്തിലെ പ്രധാനഉദ്യോഗസ്ഥന്റെ അനുമതിയോടും വേണ്ടവണ്ണമുള്ള നിയന്ത്രണത്തോടുമല്ലാതെയുള്ള അവസരങ്ങളിൽ, ബുദ്ധിഭ്രമം പിടിപെട്ടവർ.

(ജി) യാചകവൃത്തി തൊഴിലായി സ്വീകരിച്ചിട്ടുള്ളവർ.

൯. കീഴ് നടപ്പനുസരണമായ സാമഗ്രികൾകൊണ്ടു നിർമ്മിച്ച നിർമ്മലവസ്ത്രം കീഴ്നടപ്പനുസരിച്ചു ധരിക്കാത്ത യാതൊരാളും ഒരു ക്ഷേത്രവളപ്പിനുള്ളിലും പ്രവേശിക്കാൻ പാടില്ലാത്തതാകുന്നു. അതായതു ദേവസ്വത്തിലെ പ്രധാന ഉദ്യോഗസ്ഥന്റെ തീരുമാനത്തെ ഒരു മേലുദ്യോഗസ്ഥൻ അസ്ഥിരപ്പെടുത്തുന്നതുവരെ ആ തീരുമാനം ഊർജ്ജിതത്തിലിരിക്കുന്നതാണ്. ക്ഷേത്രവളപ്പുകൾക്കുള്ളിൽ അതായതു ക്ഷേത്രത്തെ സംബന്ധിച്ചിടത്തോളം കീഴ്നടപ്പും ആചാരക്രമവും അനുസരിച്ച് അനുമതി സിദ്ധിച്ചിട്ടുള്ളവർക്കല്ലാതെ മറ്റു യാതൊരാൾക്കും പാദുകകവചം ധരിച്ചുകൊണ്ടു പ്രവേശിക്കാൻ പാടില്ലാത്തതാകുന്നു.

൧൦. ക്ഷേത്രത്തിനും വളപ്പുകൾക്കും ഉള്ളിൽ യാതൊരാളും തുപ്പുകയോ, വെറ്റിലമുറുക്കുകയോ, പുകയിലയോ തത്തുല്യസാധനങ്ങളോ ഉപയോഗിക്കുകയോ, പുക വലിക്കുകയോ പുകവലിക്കുന്നതിനുള്ള വല്ല സാധനവും കൊണ്ടുപോവുകയോ, മദ്യമോ, മുട്ടയോ, പാകപ്പെടുത്തിയ മാംസമോ, പച്ച മാംസമോ, കള്ളോ, ചാരായമോ, മറ്റു ലഹരി സാധനങ്ങളോ, കീഴ്നടപ്പും പതിവും അനുസരിച്ചു ക്ഷേത്രത്തിനുള്ളിൽ കടത്തുന്നതു വിഹിതമല്ലാത്ത മറ്റു വല്ല സാധനത്തെയോ, മൃഗത്തെയോ കൊണ്ടു പോകയോ ചെയ്യാൻപാടില്ലാത്തതാകുന്നു.

൧൧. യാതൊരാളും വല്ല കുപ്പായമോ, മേൽക്കുപ്പായമോ, അപ്രകാരമുള്ള മറ്റു വസ്ത്രമോ ധരിച്ചുകൊണ്ടു ബഹിർമ്മതിൽപുരയിലോ വലിയമ്പലത്തിലോ നാലമ്പലത്തിലോ, ചില ക്ഷേത്രങ്ങളിൽ നാലമ്പലത്തിനു പുറമുള്ള ഇടനാഴിയിലോ പ്രവേശിക്കാൻ പാടില്ല. എന്നാൽ സ്ത്രീകൾക്ക് അവർ സാധാരണ ധരിക്കാറുള്ള വസ്ത്രങ്ങൾ ധരിച്ചുകൊണ്ടു പ്രവേശിക്കാവുന്നതാണ്. ക്ഷേത്രത്തിലെ കീഴ്നടപ്പും പതിവും അനുസരിച്ച് അനുമതി ലഭിച്ചിട്ടുള്ളവരൊഴികെ ആരും തന്നെ ശിരോവസ്ത്രം ധരിക്കാൻ പാടില്ല. വല്ല ശീലക്കുടയോ മണ്ണെണ്ണവിളക്കോ, കീഴ്നടപ്പും പതിവുംകൊണ്ട് അപ്രകാരമുള്ള സ്ഥലങ്ങളിൽ കടത്തുന്നതു വിഹിതമല്ലാത്ത മറ്റു സാധനങ്ങളോ, യാതൊരാളും ക്ഷേത്രത്തിനകത്തു കൊണ്ടുപോകാൻ പാടില്ല. പടിപ്പിന്റെ മതിലകങ്ങളിൽ പ്രവേശിക്കുന്നതു സംബന്ധിച്ചപോലും മേൽപ്പറഞ്ഞ നിബന്ധനകൾ നടപ്പിലിരിക്കുന്ന ക്ഷേത്രങ്ങളിൽ അവ ആചരിക്കപ്പെടേണ്ടതാണ്.

൧൦. (൧) മേൽ വിവരിച്ച ചട്ടത്തിൽ പ്രത്യേകം പറഞ്ഞിട്ടുള്ള ഒരു ക്ഷേത്രത്തിന്റെ വിഭാഗങ്ങളിൽ, കീഴ്നടപ്പും പതിവും അനുസരിച്ച്, സ്നാനം ചെയ്യാതെയും ജാതിമുദ്രയുടെ പ്രകാരമുള്ള കുറി അണിയാതെയും അതായതു ക്ഷേത്രത്തെ സംബന്ധിച്ചിടത്തോളം കീഴ്പതിവനുസരിച്ച ഉപയോഗിക്കുന്ന സാധനങ്ങൾ കൊണ്ടുള്ള ശുചിയായ വസ്ത്രങ്ങൾ കീഴ്പതിവനുസരിച്ചു ധരിക്കാതെയും യാതൊരാൾക്കും പ്രവേശിക്കാൻ പാടില്ലാത്തതാകുന്നു.

(൨) ഒരു ക്ഷേത്രത്തിനോടനുബന്ധിച്ചുള്ള ഒരു കുളത്തിൽ ഒരു ഹിന്ദുവിനല്ലാതെ മറ്റൊരാൾക്കും പ്രവേശിക്കാവുന്നതല്ല. ഒരു കുളത്തിൽ പ്രവേശിക്കുന്നതിന് അനുവദിക്കപ്പെട്ട ഓരോ ആളും അതായതു ദേവസ്വത്തിലെ പ്രധാന ഉദ്യോഗസ്ഥൻ നൽകാവുന്ന നിദേശങ്ങൾ അനുസരിക്കേണ്ടതാകുന്നു. ഒരു മേലധികാരി അസ്ഥിരപ്പെടുത്തുന്നതുവരെ ദേവസ്വത്തിലെ പ്രധാന ഉദ്യോഗസ്ഥന്റെ നിദേശം ഊർജ്ജിതത്തിലിരിക്കുന്നതാകുന്നു.

(൩) ക്ഷേത്രത്തിലെ പ്രത്യേക കൃത്യങ്ങൾ നിർവ്വഹിക്കേണ്ടവരുടെ മാത്രം ഉപയോഗത്തിന് ഒഴിച്ചിടപ്പെട്ടിട്ടുള്ള കുളങ്ങൾ അപ്രകാരം ഒഴിച്ചിടപ്പെട്ടവയായിത്തന്നെ തുടരുന്നതാണ്.

൧൧. കീഴ്നടപ്പും പതിവും അനുസരിച്ച് എല്ലാ സമുദായങ്ങളെയും ഒരുപോലെ ബാധിക്കുന്നതും, പ്രവേശനത്തെയും സ്വാമിദർശനത്തെയും സംബന്ധിക്കുന്നതുമായ നിബന്ധനകൾ തുടർന്ന് ബാധിക്കുന്നവയായിരിക്കും.

൧൨. ഒരു ക്ഷേത്രത്തിന്റെ പ്രശാന്തതയ്ക്കും ഗൗരവത്തിനും ശരിയായ പരിതഃസ്ഥിതിക്കും ഹാനി വരുത്തുന്നതായ ഉച്ചത്തിലുള്ള സംഭാഷണമോ മറ്റു പ്രകടനമോ കൊണ്ടു യാതൊരാളും സ്വാമിദർശനത്തിനു ഭംഗം വരുത്താൻ പാടില്ലാത്തതാകുന്നു.

൧൩. ക്ഷേത്രകെട്ടിടങ്ങളും വളപ്പുകളും അതായതു ക്ഷേത്രത്തിലെ സ്വാമിദർശനവും കീഴ്നടപ്പും ആചാരങ്ങളും സംബന്ധിച്ചുള്ളതോ, അവയിൽ നിന്നുണ്ടാകുന്നതോ ആയ കാര്യങ്ങൾക്കല്ലാതെ യാതൊരാളും ഉപയോഗിക്കുന്നതു നിയമാനുസാരമായിരിക്കുന്നതല്ല.

൧൪. ക്ഷേത്രത്തിന്റെയും അതിന്റെ വളപ്പുകളുടെയും പരിശുദ്ധിക്കും ശുചിത്വത്തിനും കോട്ടം സംഭവിക്കുന്നതിനിടയുള്ള വല്ല പ്രവൃത്തിയും യാതൊരാളും ചെയ്യാൻ പാടില്ലാത്തതാകുന്നു.

൧൫. ഈ വ്യവസ്ഥകളിൽ ഏതിന്റെ എങ്കിലും പ്രയോഗത്തെയോ അനുവർത്തനത്തെയോ സംബന്ധിച്ചു വല്ല സംശയവുമുണ്ടാകുന്ന പക്ഷം ഒരു മേലധികാരി അസ്ഥിരപ്പെടുത്തുന്നതുവരെ അതായതു ദേവസ്വത്തിലെ പ്രധാന ഉദ്യോഗസ്ഥന്റെ തീരുമാനം ഉൗർജ്ജിതത്തിലിരിക്കുന്നതാണ്.

൧൬. ഈ ചട്ടത്തിലെ വ്യവസ്ഥകളിൽ വല്ലതും ലംഘിക്കുകയോ, ലംഘിക്കപ്പെട്ട എന്നു ദേവസ്വത്തിലെ പ്രധാനഉദ്യോഗസ്ഥൻ സംശയിക്കുകയോ വിശ്വസിക്കുകയോ അല്ലെങ്കിൽ ആ ഉദ്യോഗസ്ഥൻ നൽകിയ ന്യായമായ വല്ല നിദേശത്തെയും അനുസരിക്കാതിരിക്കുകയോ ചെയ്യുന്ന ഏതൊരാളും ക്ഷേത്രത്തിൽ നിന്നും താനേ മാറിക്കൊള്ളണമെന്നു അതായതു ദേവസ്വത്തിലെ പ്രധാന ഉദ്യോഗസ്ഥൻ നിദേശിക്കുന്നതും, ആ ആളും അപ്രകാരം താനേ മാറിക്കൊള്ളാത്ത പക്ഷം ക്ഷേത്രത്തിൽ നിന്നു അയാളെ മാറ്റിക്കുന്നതും നിയമാനുസൃതമായിരിക്കുന്നതാണ്. അപ്രകാരം മാറുന്നതിനെ അയാൾ എതിർക്കുന്ന പക്ഷമോ, അയാളുടെ പേരും മേൽവിലാസവും പറയുന്നതിന് ആവശ്യപ്പെടുമ്പോൾ അപ്രകാരം ചെയ്യുന്നതിനു വിസമ്മതിക്കയോ വാസ്തവമെന്നു വിശ്വസിക്കപ്പെടാത്ത വിവരം നൽകുകയോ ചെയ്യുന്ന പക്ഷമോ ഒരു ഹെഡ്കാൺസ്റ്റബിളിൽ താഴെ അല്ലാത്ത ഒരു പോലിസ് ഉദ്യോഗസ്ഥനാൽ അറസ്റ്റ് ചെയ്യപ്പെടുന്നതിനും മാറ്റപ്പെടുന്നതിനും, അയാളെ ക്രമിനൽ നടപടിനിയമം നൂറ്റാം വകുപ്പിൻ പ്രകാരം അറസ്റ്റ് ചെയ്താൽ ഏപ്രകാരമോ അപ്രകാരം ഗണിക്കപ്പെടുന്നതിനും അയാൾ വിധേയനാകുന്നതാണ്.

൧൭. ഈ ചട്ടങ്ങളിലെ വ്യവസ്ഥകളിൽ ഏതെങ്കിലും വല്ലയാളും ലംഘിക്കുകയോ, അവയനുസരിച്ചു നിയമപ്രകാരം നൽകപ്പെട്ടിട്ടുള്ള വല്ല നിദേശത്തെയും അനുസരിക്കാതിരിക്കയോ ചെയ്തതിനാൽ ക്ഷേത്രത്തിലെ കീഴ്നടപ്പും പതിവും പ്രകാരം വല്ല ശുദ്ധികർമ്മങ്ങളും നടത്തേണ്ടതാവശ്യമായി വരുന്ന പക്ഷം, അപ്രകാരമുള്ള ശുദ്ധികർമ്മങ്ങളുടെ ചിലവു അംഗീകൃത നിരക്കനുസരിച്ചു കൊടുക്കുന്നതിന് അയാൾ ബാദ്ധ്യസ്ഥനായിത്തീരുന്നതും, അയയ്ക്കുന്ന പൊതുനികുതിയുടെയോ ഭൂനികുതിയുടെയോ കുടിശിഖ എന്നപോലെയോ മറ്റു പ്രകാരത്തിലോ അയാളിൽനിന്ന് ഈടാക്കത്തക്കതുമാകുന്നു. അപ്രകാരം ലംഘിക്കുകയോ അനുസരിക്കാതിരിക്കുകയോ ചെയ്യുന്ന ഒരാൾ മറ്റുവല്ല നിയമവും അനുസരിച്ചുള്ള വല്ല ശിക്ഷയ്ക്കും വിധേയനാകുമെന്നുള്ളതിനു പുറമേ ഒരു മജിസ്ട്രേട്ടിനാൽ കുറ്റം സ്ഥാപിക്കപ്പെടുമ്പോൾ മൂന്നുമാസത്തോളം വരാവുന്ന ഏതെങ്കിലും തരത്തിലുള്ള തടവോ പിഴയോ രണ്ടും കൂടിയോ ഉള്ള ശിക്ഷയ്ക്കുകൂടി വിധേയനാകുന്നതാണ്.

൧൮. ക്ഷേത്രത്തെ സംബന്ധിച്ച് അധികാരമുള്ള ഒരു ഗസറ്റഡ ഉദ്യോഗസ്ഥന്റെ പരാതിയിന്മേലല്ലാതെ ഈ ചട്ടങ്ങൾ പ്രകാരം യാതൊരു പ്രോസിക്യൂഷനും നടത്താൻ പാടില്ലാത്തതാകുന്നു.

൧൯. ഈ ചട്ടങ്ങൾ അനുസരിച്ചു് ഉത്തമവിശ്വാസത്തോടുകൂടി വല്ല പ്രവൃത്തിയും ചെയ്യുന്ന ഏതെങ്കിലും ദേവസ്വം ഉദ്യോഗസ്ഥന്റെയോ മറ്റു സക്കാരുദ്യോഗസ്ഥന്റെയോ പേരിൽ യാതൊരു നടപടിയും നടത്താൻ പാടില്ലാത്തതും, ഗവൺമെന്റിന്റെ അനുവാദത്തോടുകൂടിയല്ലാതെ ഒരു ക്രിമിനൽകോടതിയിൽ യാതൊരു നടപടിയും നടത്താൻ പാടില്ലാത്തതുമാകുന്നു.

൫ ൦. ഈ ചട്ടങ്ങളിലെ ഏതെങ്കിലും വ്യവസ്ഥകളുടെ വ്യാഖ്യാനത്തെയോ, അവയുടെ നടത്തിപ്പിനെയോ സംബന്ധിച്ച വല്ല സംശയമോ തർക്കമോ ഉള്ള പക്ഷം അതിന്മേലുള്ള ദിവാന്റെ തീരുമാനം അവസാന തീരുമാനമായിരിക്കുന്നതാണ്.

൫ ൧. വിളംബരത്തിലെയൊ ഈ ചട്ടങ്ങളിലെയൊ വ്യവസ്ഥകളും ഉദ്ദേശങ്ങളും നടപ്പിൽ വരുത്തുന്നതിൽ ഉണ്ടാകാവുന്ന അടിയന്തിരാവശ്യങ്ങളുടെയും അപ്രതീക്ഷിതമായ വൈഷമ്യങ്ങളുടെയും കാര്യത്തിൽ യുക്തമെന്നു തോന്നുന്ന ഉത്തരവുകൾ പാസാക്കുന്നതിനു ദിവാന് അധികാരമുണ്ടായിരിക്കുന്നതാണ്.